**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 94** **29-01-2024 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ദുരന്ത നിവാരണ (എ) വകുപ്പിന്റെ 29.10.2021 ലെ സ.ഉ.(കൈ)നം. 5/2021/ഡി.എം.ഡി പ്രകാരം കാഞ്ഞിരപ്പള്ളി താലൂക്കിലെ 110 കുടുംബങ്ങളേയും മീനച്ചിൽ താലൂക്കിലെ 138 കുടുംബങ്ങളേയും നിലവിലെ സ്ഥലത്ത് നിന്നും മാറ്റേണ്ടതും ഇവർക്ക് വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിന് ഒരു കുടുംബത്തിന് പത്ത് ലക്ഷം രൂപ വീതം നൽകേണ്ടതുമാണെന്നുമുള്ള റിപ്പോർട്ടിന്മേൽ സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി എന്നിവ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ, കാഞ്ഞിരപ്പള്ളി താലൂക്കിലെ 110 കുടുംബങ്ങളെയും മീനച്ചിൽ താലൂക്കിലെ 138 കുടുംബങ്ങളെയും നിലവിലെ താമസ സ്ഥലത്ത് നിന്ന് മാറ്റി പാർപ്പിക്കുന്നതിന്, വസ്തു വാങ്ങുന്നതിനും, വീട് നിർമ്മിക്കുന്നതിനുമായി ഒരു കുടുംബത്തിന് പത്തു ലക്ഷം രൂപ വീതം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ജില്ലാ കളക്ടറുടെ ശിപാർശ ലഭിച്ചിട്ടുണ്ട്. ഇപ്രകാരം പത്ത് ലക്ഷം രൂപ അനുവദിക്കുന്നതിന് ഗുണഭോക്താക്കൾക്ക് സംസ്ഥാനത്ത് മറ്റൊരിടത്തും ഭൂമി ഇല്ല എന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുണ്ട്. ജില്ലാ കളക്ടറുടെ ശിപാർശയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളിൽ ആർക്കെങ്കിലും സംസ്ഥാനത്ത് മറ്റെവിടെയെങ്കിലും ഭൂമി ഉണ്ടോ എന്ന വിവരം, മാറ്റിപ്പാർപ്പിക്കേണ്ടവരുടെ വിശദാംശങ്ങൾ, ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെയും കാഞ്ഞിരപ്പള്ളി മീനച്ചിൽ താലൂക്ക് തഹസിൽദാർമാരുടെയും റിപ്പോർട്ട് എന്നിവ ആവശ്യപ്പെട്ടിട്ടുണ്ട്. വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ